"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് കൊട്ടമൺ ഗ്രാമപഞ്ചായത്തിൽ മിനി റൈസ് മിൽ സ്ഥാപിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ(ഡിബി) വകുപ്പ്

സ.ഉ.(സാധാ) നം.226/2022/LSGD തീയതി,തിരുവനന്തപുരം, 04-02-2022

പരാമർശം:-

1. പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 27.12.2021 തീയ്യതിയിലെ കത്ത്.
2. പത്തനംതിട്ട ജില്ലാപഞ്ചായത്തിന്റെ 11/11/2021 തീയതിയിലെ 2(2)-ാം നമ്പർ തീരുമാനം.
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റിയുടെ 11.01.2022 ലെ 4.38 നമ്പർ തീരുമാനം.

ഉത്തരവ്

കൊട്ടമൺ ഗ്രാമപഞ്ചായത്തും പറക്കോട് ബ്ലോക്ക് പഞ്ചായത്തും പത്തനംതിട്ട ജില്ലാ പഞ്ചായത്തും സംയുക്തമായി നടപ്പാക്കാനുദ്ദേശിക്കുന്ന "കൊട്ടമൺ ഗ്രാമപഞ്ചായത്തിൽ മിനി റൈസ് മിൽ സ്ഥാപിക്കൽ" എന്ന പ്രോജക്ട് കൊട്ടമൺ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കുന്നു. കൊട്ടമൺ ഗ്രാമപഞ്ചായത്തിലും സമീപ പ്രദേശത്തും ഉത്പാദിപ്പിക്കുന്ന നെല്ല് കുത്തി അരിയാക്കാനും മൂല്യ വർദ്ധിത ഉത്പന്നങ്ങൾ തയ്യാറാക്കാനും ലക്ഷ്യമിടുന്നു. റൈസ് മില്ലിന്റെ ഉടമസ്ഥാവകാശം കൊട്ടമൺ ഗ്രാമപഞ്ചായത്തിനെ ഏല്പിക്കാനാണ് ഉദ്ദേശിക്കുന്നത്. ഈ പ്രോജക്ടിന് അനുമതി നൽകണമെന്നത് സംബന്ധിച്ച പത്തനംതിട്ട ജില്ലാ പഞ്ചായത്തിന്റെ ആവശ്യം പരാമർശം (1) പ്രകാരം പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസർ ലഭ്യമാക്കുകയുണ്ടായി

2. സർക്കാർ ഇക്കാര്യം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റിയിൽ വിശദമായി പരിശോധിക്കുകയും കമ്മിറ്റിയുടെ പരാമർശം (3) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർത്തിട്ടുള്ള നിബന്ധനയോടെ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1) ഇത് പ്രൊഡ്യൂസർ കമ്പനി/ അംഗീകൃത കർഷക സമിതികൾ മുഖേന വേണം നടപ്പാക്കേണ്ടത്.

2) ഇതിന്റെ നടത്തിപ്പ്, അറ്റകുറ്റപ്പണിയടക്കമുള്ള ചെലവ് എന്നിവ റൈസ് മില്ലിന്റെ വരുമാനത്തിൽ നിന്നു തന്നെ കണ്ടെത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രജി രാജേന്ദ്രൻ
ഡെപ്യൂട്ടിസെക്രട്ടറി

സെക്രട്ടറി, പത്തനംതിട്ട ജില്ലാ പഞ്ചായത്ത്

അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ(വിംഗ്), ഐ & പിആർഡി.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Reena

സെക്ഷൻ ഓഫീസർ